(ബി) പ്രസ്തുത വർക്കുകളുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നും എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനു വേണ്ടി എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടെ ചേപ്പാട് ശുദ്ധജല വിതരണ പദ്ധതി, ആറാട്ടുപുഴ ശുദ്ധജലവിതരണ പദ്ധതി, കേന്ദ്ര ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളായ കരുവാറ്റ, ചെറുതന എന്നീ പദ്ധതികളുടെയും പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) എല്ലാ പദ്ധതികളുടെയും വിതരണ ശൃംഖല, കുഴൽകിണർ എന്നിവയുടെ പണി തീർന്നു. ആറാട്ടുപുഴ പദ്ധതിയുടെ കുഴൽക്കിണറിന്റെ പണി ഉടൻ തന്നെ തീർക്കുവാൻ നടപടി എടുത്തിട്ടുണ്ട്. ഉപരിതല സംഭരണി, പമ്പ്ഹൗസ് എന്നിവയുടെ പണി തീർക്കേണ്ടതായിട്ടുണ്ട്.

(സി) എല്ലാ പദ്ധതികളുടെയും പണി 31-12-2000-ൽ പൂർത്തീകരിക്കുവാൻ കഴിയും.

റഗുലേറ്റർ-കം-ബ്രിഡ്ജ്

112 (2024) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി പെരുമ്പുഴക്കടവ്-പൂവം തോട്ടിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയാൻ ടെണ്ടർ വിളിച്ചോ ;

(ബി) എങ്കിൽ എത്ര രൂപയ്ക്കാണ് പണി ടെണ്ടർ എഗ്രിമെന്റ് വെച്ചത് എന്നും എന്നാണ് എഗ്രിമെന്റ് വെച്ചതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പണി എന്നാണ് തുടങ്ങിയത് ;

(ഡി) ഇതിന്റെ പണി ഇപ്പോൾ മുടങ്ങിക്കിടക്കുകയാണോ ; എങ്കിൽ കാരണം എന്താണ് ;

(ഇ) പ്രസ്തുത പണി തുടർന്നു നടത്തുവാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിളിച്ചിട്ടുണ്ട്.

(ബി) 8,02,611 രൂപയ്ക്ക് 23-8-1996-ൽ എഗ്രിമെന്റ് വെച്ചു.

(സി) 7-10-1996-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതെ. പെരുമ്പുഴക്കടവ് ഭാഗത്ത് ലോഡിംഗ് തൊഴിലാളികൾ വേതന വർദ്ധനവിനുവേണ്ടി പണി മുടക്കിയതിനാലാണ് ഈ പണി തടസ്സപ്പെട്ടത്.

(ഇ) ബഹുമാനപ്പെട്ട എം. എൽ. എ. യുടെ നേതൃത്വത്തിൽ അനുരജ്ഞന ചർച്ചകൾ നടത്തുകയുണ്ടായി. ഇതിൻ പ്രകാരം പണി പുനരാരംഭിക്കുന്നതാണ്.

കുര്യാർക്കുട്ടി-കാരപ്പാറ ജലസേചനപദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട്

113 (2025) ശ്രീ. ടി. എം. ജേക്കബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുര്യാർകുട്ടി-കാരപ്പാറ ജലസേചന പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എന്നാണ് പൂർത്തിയായത് ;

(ബി) അന്ന് പ്രതീക്ഷിച്ച മുതൽമുടക്ക് എത്രയാണ് ; ഇപ്പോൾ പ്രതീക്ഷിക്കുന്ന മുതൽമുടക്ക് എത്രയാണ് ;

(സി) ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് പണിയേണ്ട ഡാമുകൾ, കനാലുകൾ എന്നിവയെ സംബന്ധിച്ചും എത്ര ഏക്കർ സ്ഥലത്ത് ഈ പദ്ധതിയുടെ പ്രവർത്തനം വഴി ഗുണം ലഭിക്കും എന്നത് സംബന്ധിച്ചും വിശദീകരിക്കുമോ ;

(ഡി) എത്രകിലോമീറ്റർ കനാൽ നിർമ്മിക്കുന്നതിനുള്ള സ്ഥലമാണ് സൗജന്യമായി നാട്ടുകാർ നൽകിയിട്ടുള്ളത് ;

(ഇ) ഇതിന് മതിപ്പ് വില എത്രയെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(എഫ്) ഇപ്പോൾ ഈ പദ്ധതിയുടെ പ്രവർത്തനം നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(ജി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 1991 മുതൽ 1998 വരെ മന്ത്രിതലത്തിൽ എത്ര ചർച്ചകൾ നടന്നു ; എവിടെ വച്ചെല്ലാം ; ഈ ചർച്ചകളിൽ എടുത്ത തീരുമാനങ്ങളുടെ വിശദവിവരം അറിയിക്കാമോ ?

ഉത്തരം

(എ) 1994-ൽ.

(ബി) അന്ന് പ്രതീക്ഷിച്ച മുതൽമുടക്ക് 100 കോടി രൂപയും ഇപ്പോൾ പ്രതീക്ഷിക്കുന്നത് 135 കോടി രൂപയുമാണ്.

(സി) ഈ പദ്ധതിയുടെ ജലസേചനവിഭാഗത്തിൽ ഡാമുകൾ പണിയേണ്ടതില്ല. മൂലത്തറ വലതുകര കനാൽ ആഴവും വീതിയും കൂട്ടുകയും അതിന്ശേഷം 20 കിലോമീറ്ററോളം പുതിയ കനാൽ നിർമ്മിച്ച് വാളയാർ പുഴവരെ എത്തിക്കുക, വെള്ളാരം കടവിൽ ലഭ്യമാകുന്ന വെള്ളം 14.5 കി.മീ. നീളവും ഇലവഞ്ചേരി, മുതലമട ഭാഗങ്ങളിലേക്ക് 18.5 കി.മീ. നീളമുള്ള കനാലും നിർമ്മിക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കൊഴിഞ്ഞാംപാറ ഭാഗത്ത് 13453 ഹെക്ടർ സ്ഥലത്തും ഇലവഞ്ചേരി ഭാഗത്ത് 4035 ഹെക്ടർ സ്ഥലത്തും ഉൾപ്പെടെ ആകെ 17488 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതികൊണ്ട് ജലസേചനം നടത്തുവാൻ സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly